**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4814** **01-11-2021 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഹൈവേയിലെ ഫ്ലൈഓവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേയിലെ ആലപ്പുഴ, കൊല്ലം ഫ്ലൈഓവർ നിർമ്മാണത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്നും നിർമ്മാണം ആരംഭിച്ചത് എന്നാണെന്നും വിശദമാക്കാമോ; | (എ) | ദേശീയ പാതയിൽ കൊല്ലം ഫ്ലൈ ഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ ഭരണാനുമതി ഒന്നും തന്നെയില്ല. 50:50 അനുപാതത്തിൽ ഫ്ലൈഓവർ ഉൾപ്പെടുന്ന ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിന് കേന്ദ്ര ഗവൺമെന്റിന്റെ 17/01/2014 ലെ ഉത്തരവ് RW/NH-12027/269/2012-KLP-7 പ്രകാരവും കേരള ഗവൺമെന്റിന്റെ 13/12/2013 ലെ സ.ഉ.(സാധാ)നം.1659/2013/പൊ.മ.വ. ഉത്തരവ് പ്രകാരവും തുല്യ അനുപാതത്തിൽ ആകെ 255.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും എന്നാൽ ഏറ്റവും കുറഞ്ഞ കരാർ നിരക്ക് അടങ്കൽ തുകയേക്കാൾ കൂടുതൽ ആയതിനാൽ 348.43 കോടി രൂപയ്ക്ക് തുല്യ അനുപാതത്തിൽ ഭരണാനുമതി കേന്ദ്ര ഗവൺമെന്റിന്റെ 22.01.2015 ലെ ഉത്തരവ് RW/NH-12027/269/2012-KL-(P7) പ്രകാരവും കേരള ഗവൺമെന്റിന്റെ 11/02/2015 ലെ സ.ഉ.(സാധാ)നം. 224/2015/പൊ.മ.വ. ഉത്തരവ് പ്രകാരവും പുതുക്കിയ ഭരണാനുമതി നൽകുകയും ടി പ്രവൃത്തി 16/03/2015 - ൽ ആരംഭിക്കുകയും ചെയ്തു. |
| (ബി) | കൊച്ചി ബൈപ്പാസിലെ ഇടപ്പള്ളി, പാലാരിവട്ടം, കുണ്ടന്നൂർ, വൈറ്റില ഫ്ലൈഓവറുകൾക്ക് ഭരണാനുമതി നൽകിയത് എന്നൊക്കെയാണ്; ഈ ഫ്ലൈഓവറുകളുടെ നിർമ്മാണം ആരംഭിച്ചത് എപ്പോഴൊക്കെയാണ്; വിശദമാക്കാമോ? | (ബി) | ഇടപ്പള്ളി ഫ്ലൈഓവർ 30.05.2013 ലെ സ.ഉ.(കൈ)നം.43/2013/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകി. ഇതിന്റെ നിർമ്മാണം 2013 ഡിസംബർ മാസം ആരംഭിച്ചു. പാലാരിവട്ടം ഫ്ലൈഓവർ 31.10.2013 - ലെ സ.ഉ(സാധാ)നം.1422/2013/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകി. നിർമ്മാണം ആരംഭിച്ചത് 04.03.2014 നാണ്. കുണ്ടന്നൂർ ഫ്ലൈഓവർ 27.09.2016 ലെ സ.ഉ(സാധാ)നം.1324/2016/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകി. തുടർന്ന് വിശദമായ പദ്ധതി രേഖ പ്രകാരം 22.07.2017 ലെ സ.ഉ.(സാധാ)നം.1059/2017പൊ.മ.വ. പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി. നിർമ്മാണം |

| | | | |
|---|---|---|---|
| | | | ആരംഭിച്ചത് 12.03.2018 നാണ്. വൈറ്റില ഫ്ലൈഓവർ 15.05.2017 ലെ സ.ഉ.(സാധാ)നം.616/2018/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകി. നിർമ്മാണം ആരംഭിച്ചത് 27/11/2017 -നാണ്. |

സെക്ഷൻ ഓഫീസർ